**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2379** **12-02-2024 - ൽ മറുപടിയ്ക്ക്**

**നെൽകർഷകരുടെ സംഭരണ വില നൽകുന്നതിന് പ്രത്യേക സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ നെൽകർഷകരുടെ സംഭരണ വില നൽകുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്നതിനു എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാനത്തെ എല്ലാ കർഷകർക്കും നെല്ല് സംഭരണത്തിൽ പങ്കെടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നെല്ലിന്റെ കൈപ്പറ്റ് രസീതിന്റെ സീനിയോറിറ്റി അടിസ്ഥാനത്തിൽ കർഷകർക്ക് പി.ആർ.എസ് വായ്പയായി തുക കൈമാറുന്നുണ്ട്. ഒരു പ്രത്യേക മേഖലയിലെ കർഷകർക്ക് മാത്രമായി തുക നൽകുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | നെൽവില ഉൾപ്പെടെ കർഷകർക്കുള്ള വിവിധ സഹായങ്ങൾ കാലതാമസം കൂടാതെ നൽകുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (ബി) | കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് കേരളത്തിലെ നെൽ കർഷകരുടെ നെല്ല് സംഭരിക്കുന്നതിനും, സംഭരിച്ച നെല്ലിന്റെ വില കർഷകർക്ക് നൽകുവാനുമുള്ള സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിലാണ് വികേന്ദ്രീകൃത നെല്ല് സംഭരണ പദ്ധതി സപ്ലൈകോ വഴി നടപ്പിലാക്കി വരുന്നത്. ബാങ്ക് അധികൃതരും സപ്ലൈകോ ഉദ്യോഗസ്ഥർ, പാഡിവിഭാഗം ഉദ്യോഗസ്ഥർ ഇവരുടെ യോഗങ്ങൾ വിളിച്ചുചേർത്ത് പി.ആർ.എസ്. വായ്പാ വിതരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു. കൃഷി വകുപ്പ് സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഹെക്ടർ ഒന്നിന് 5,500/- രൂപ, തരിശുനില കൃഷിയ്ക്ക് ഹെക്ടർ ഒന്നിന് കർഷകന് 35,000/- രൂപയും ഉടമയ്ക്ക് 5,000/- രൂപയും, നെൽവയൽ ഉടമകൾക്ക് റോയൽറ്റിയായി ഹെക്ടറിന് 3,000/-രൂപ, ഉത്പാദന ബോണസായി ഹെക്ടറിന് 1,000/- രൂപ, ഹെക്ടർ ഒന്നിന് കുമ്മായത്തിന് 5,400/- രൂപ, എന്നിങ്ങനെയും പാടശേഖര സമിതികൾക്ക് പൊതുവായും, പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്ന തിനായും കോൾ മേഖലയിലെ പ്രത്യേക പദ്ധതിയ്ക്കായും സഹായങ്ങൾ നൽകിവരുന്നു. സൗജന്യനിരക്കിലുള്ള വൈദ്യുതി ലഭ്യത, വിവിധ തദ്ദേശസ്ഥാപനങ്ങൾ നൽകുന്ന സഹായങ്ങൾ എന്നിവ ഇതിനു പുറമെയാണ്. |

സെക്ഷൻ ഓഫീസർ